പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3915 15.03. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി .യിലെ അസിസ്റ്റന്റ് ഒഴിവ്**

ചോദ്യം | ഉത്തരം

ശ്രീ.ഒ.രാജഗോപാൽ | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/ സീനിയർ അസിസ്റ്റന്റ്-ന്റെ എത്ര തസ്തികകൾ (കേഡർ തസ്തിക) ഉണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികകളിലേക്ക് എത്ര നിയമനങ്ങൾ നടത്തി; | (എ) ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ തസ്തികയിൽ 1410 തസ്തികയും, സീനിയർ അസിസ്റ്റന്റ് തസ്തികയിൽ 2880 തസ്തികയും നിലവിലുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ തസ്തികയിൽ 228 പേർക്ക് നിയമനം നൽകി. |
| (ബി) അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി യിൽ എത്ര സെക്ഷനുകൾ പുതുതായി തുടങ്ങിയെന്നും അവിടെല്ലാം എത്ര അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കംപ്യൂട്ടർ വല്ക്കരണം, മറ്റു ആധുനിക വത്കരണ നടപടികൾ എന്നിവയുടെ ഭാഗമായി തസ്തികകളുടെ പുന:ക്രമീകരണം നടക്കേണ്ടതുണ്ട്. ഇതിന്റെ തുടർച്ചയായി മാത്രമെ കാഷ്യർ/ ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അവയെത്രയെന്നും, ടി തസ്തികയിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേരെ നിയമിച്ചുവെന്നും അതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യതകൾ എന്നിവ എന്തെല്ലാമെന്നും വിശദമാക്കുമോ; | സി) ഇല്ല. 161 താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനം ഉള്ള കാഷ്യർ തസ്തികയ്ക്കു താഴെ ശമ്പളസ്കെയിലിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാനായി എസ്.എസ്.എൽ.സി.യും 5 വർഷത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനമോ അല്ലെങ്കിൽ, പ്രീ-ഡിഗ്രി / പ്ലസ് ടു യോഗ്യതയും 3 വർഷത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനമോ ആണ് വേണ്ട യോഗ്യത. |

| | |
|---|---|
| (ഡി)കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി)ഉണ്ട്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി.റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം നടത്തണമെന്ന നിർദ്ദശം PWR-A3/123/2016/Power തീയതി 3.6.16 കത്ത് മുഖേന നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ